# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.381 — 28.05.2019 ൽ മറുപടിയ്ക്ക്

## വിലക്കയറ്റ നിയന്ത്രണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സബ്സിഡി നിരക്കിൽ പതിനാലിനം അവശ്യ സാധനങ്ങൾ പൊതുവിപണിയിലേതിനേക്കാൾ ശരാശരി ഇരുപത് മുതൽ അൻപത് ശതമാനം വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യ ധാന്യങ്ങൾ പൊതുവിപണിയിലേതിനേക്കാൾ10 മുതൽ 20%വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ ശബരി ബ്രാൻഡിലും എംആർപി യേക്കാൾ ശരാശരി 5 മുതൽ 30% വരെ വിലക്കുറവിൽ FMCG(Fast moving consumer goods)സാധനങ്ങളും ലഭ്യമാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ഘട്ടത്തിൽ 13 ഇനം അവശ്യ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നത്. അരി വിലയിലുണ്ടായ കുതിച്ചുകയറ്റം തടഞ്ഞു നിർത്തുന്നതിനായി 'ആന്ധ്ര ഇതര ജയ' എന്ന ഇനം അരി കൂടി സബ്സിഡി പട്ടികയിലുൾപ്പെടുത്തി ഇത് 14 ഇനമാക്കി ഉയർത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മാവേലി സ്റ്റോറിൽ നിന്നും വിതരണം ചെയ്യുന്ന വിലവർദ്ധനവ് ഉണ്ടാവില്ലെന്ന് പ്രഖ്യാപിച്ച പതിമൂന്നിനം സാധനങ്ങൾക്ക് വിലവർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സിഡി സാധനങ്ങൾ എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ റേഷൻ കാർഡൊന്നിന് പ്രതിമാസ അളവ് നിശ്ചയിച്ച് നല്കുകയും ഓൺലൈൻ സംവിധാനം ഉപയോഗിച്ച് വിതരണം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട് |
| (സി) | മേൽപറഞ്ഞ പതിമൂന്നിനം സാധനങ്ങളും എല്ലാ മാവേലി സ്റ്റോറുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ